## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6266 — 31.10.2011 - ലെ മറുപടിക്ക്

### എൽ.എസ്.ജി.ഡി. യിലെ നിയമനങ്ങളുടെ വിശദാംശം.

ചോദ്യം — ഉത്തരം

ശ്രീ. മോൻസ് ജോസഫ്
ശ്രീ.റ്റി.യു.കുരുവിള

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പിഡബ്ള്യൂ.ഡി/ഇറിഗേഷൻ വകുപ്പിൽ നിന്ന് എത്ര ജീവനക്കാരെ എൽ.എസ്.ജി.ഡി യിലേക്ക് മാറ്റി നിയമിച്ചു; ഇതിൽ എത്ര ഓവർസിയർ-മാർ ഉണ്ട്;മറ്റു തസ്തികകളിൽ എത്ര പേർ ഉണ്ട്; | (എ) | മുൻ സർക്കാരിന്റെ കാലത്ത് പിഡബ്ള്യൂ.ഡി/ഇറിഗേഷൻ വകുപ്പുകളിൽ നിന്ന് 1958 ജീവനക്കാരെ എൽ.എസ്.ജി.ഡി യിലേക്ക് മാറ്റി നിയമിച്ചു. ഇതിൽ 1524 ഓവർസിയർമാരും മറ്റു തസ്തികകളിൽ 434 പേരും ഉണ്ട്. |
| (ബി) | എൽ.എസ്.ജി.ഡി യിൽ ജോയിൻ ചെയ്യാത്തവർ എത്ര പേർ എന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; ഇവർക്കെതിരെ എന്ത് നടപടിയെടുത്തു; വിശദമാക്കാമോ; | (ബി) | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ - 6<br>അസിസ്റ്റന്റ് എഞ്ചിനിയർ - 59<br>ഒന്നാം ഗ്രേഡ് ഓവർസിയർ - 14<br>രണ്ടാം ഗ്രേഡ് ഒവർസിയർ - 33<br>മൂന്നാം ഗ്രേഡ് ഓവർസിയർ - 128 |

| | | | |
|---|---|---|---|
| | | | ജോലിയിൽ പ്രവേശിക്കാത്തവർക്കെതിരെ തദ്ദേശ സ്വയം ഭരണ വകുപ്പിൽ നിന്നും മാത്രം നടപടിയെടുക്കാൻ സാധിക്കാത്തതിനാൽ പൊതുമരാമത്ത് വകുപ്പിനോടും ഇറിഗേഷൻ വകുപ്പിനോടും സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിവരം ആരാഞ്ഞിട്ടുണ്ട്. |
| (സി) | എൽ.എസ്.ജി.ഡി. യിൽ എഞ്ചിനിയറിഗ് വിംഗിൽ ഇപ്പോൾ ഒഴിവുകൾ നിലവിലുണ്ടോ; അവ നികത്തിയിട്ടുണ്ടോ; എൽ.എസ്.ജി.ഡി. എഞ്ചിനിയറിംഗ് വിംഗിലേക്ക് പി.എസ്.സി പുതുതായി അപേക്ഷക്ഷണിച്ച് നിയമനം നടത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>അസിസ്റ്റന്റ് എഞ്ചിനിയർമാരുടെ ഒഴിവിലേക്ക് പി.എസ്.സി. അപേക്ഷക്ഷണിച്ച് നിയമന നടപടികൾ പൂർത്തീകരിച്ച് വരുന്നു. |
| (ഡി) | ജീവനക്കാരുടെ സമ്മതമില്ലാതെ എൽ.എസ്.ജി.ഡി യിലേക്ക് അബ്സോർബ് ചെയ്ത പി.ഡബ്ള്യൂ.ഡി/ഇറിഗേഷൻ എഞ്ചിനിയറിംഗ് ജിവനക്കാരെ തിരിച്ച് മാതൃസ്ഥാപനത്തിലേക്ക് വിടുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ